**INFORMATION KERALA MISSION**
*(an autonomous Institution under the Local Self Government Department, Govt.of Kerala)*

**നമ്പർ. 214/2022/ഐ.കെ.എം** 20/04/2022

**<u>സർക്കുലർ</u>**

വിഷയം:- ഇൻഫർമേഷൻ കേരള മിഷൻ-യാത്രാ ബത്ത ബില്ലുകൾ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിർദേശങ്ങൾ സംബന്ധിച്ച്

സൂചന: 1) 09.09.2016 ലെ സർക്കാർ ഉത്തരവ് (പി) 137/2016/ധന. നമ്പർ ഉത്തരവ്
2) GO(P) No 27/2021/Fin dated 10/02/2021

ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ യാത്രാ ബത്ത ക്ലെയിമുകൾ പരിശോധിച്ചത് പ്രകാരം ധാരാളം അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ യാത്രാ ബത്ത ക്ലെയിമുകൾ സമർപ്പിക്കുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു:

1) യാത്രാബത്ത ബില്ലുകൾ സമർപ്പിക്കുമ്പോൾ യാത്ര തുടങ്ങിയ സമയം, അവസാനിച്ച സമയം, എത്ര കി.മി സഞ്ചരിച്ചു എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
2) ഒരു മാസത്തെ TA ബില്ല് തൊട്ടടുത്ത മാസം due ആകുന്നതാണ്. TA ക്ലെയിം due ആകുന്നതു മുതൽ ഒരു വർഷത്തിനകം സമർപ്പിക്കേണ്ടതാണ്. സമയ ബന്ധിതമായി സമർപ്പിക്കാത്ത ക്ലെയിമുകൾ അനുവദിക്കുന്നതല്ല.
3) Monthly Ceiling, Quarterly Ceiling എന്നിവ കണക്കാക്കുന്നതിനായി ഒരു quarter ലേക്കുള്ള ബില്ലുകൾ ഒരുമിച്ച് സമർപ്പിക്കേണ്ടതാണ്.
4) ഒരു വർഷത്തെ ക്ലെയിമിനൊപ്പം അടുത്ത വർഷത്തെ ക്ലെയിം കൂടി ഉൾപ്പെടുത്തി സമർപ്പിക്കാൻ പാടില്ല.
5) 8 km ദൂരത്തിനുള്ളിലുള്ള യാത്രകൾക്ക് യാത്രാബത്ത അനുവദനീയമല്ല.
6) DTO / ജില്ലാ കോ ഓർഡിനേറ്റർമാർ മേൽ കാര്യങ്ങൾ ഉറപ്പ് വരുത്തി മാത്രമേ ബില്ലുകൾ ശുപാർശ ചെയ്തു നൽകാവൂ.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

ടെക്നിക്കൽ ഓഫീസിർമാർ ഉൾപ്പെടെഎല്ലാ ജീവനക്കാർക്കും
ജില്ലാ കോ-ഓർഡിനേറ്റർമാർ,
അക്കൗണ്ട്സ് ഡിവിഷൻ,
പ്ലാൻ&പർച്ചസ് ഓഫീസർ /ഡിവിഷൻ
അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ/അഡ്മിനിസ്ട്രേഷൻ ഡിവിഷൻ,
സോഫ്റ്റ്‌വെയർ ഡിവിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി.എ, കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ സി എ
നോട്ടീസ് ബോർഡ്, ഫയൽ കോപ്പി


Public Office Complex,Public Office PO,
Thiruvananthapuram, Kerala, India, Pin 695 033
Tel.0471- 2773100, Fax. 2726111, Email : mail.ikm@kerala.gov.in